## ദ്വൈമാസ അവലോകന മിനിട്ട്സ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ ദ്വൈമാസ അവലോകന യോഗം 08.12.2021-ന് 10.30-ന് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ വച്ച് ഓൺലൈനായി നടക്കുകയുണ്ടായി. യോഗത്തിൽ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ, ആയുർവ്വേദ/ഹോമിയോ ഡെപ്യൂട്ടി ഡയറക്ടർമാർ, ആശുപത്രി സൂപ്രണ്ടുമാർ, ധന്വന്തരി ഓഫീസർ, ഡയറക്ടറേറ്റിലെ സൂപ്പർവൈസറി തസ്തികയിൽ പ്രവർത്തിക്കുന്നവർ എന്നിവർ പങ്കെടുത്തു.

യോഗത്തിൽ പങ്കെടുക്കുന്നവരെ ബഹു.ഡയറക്ടർ സ്വാഗതം ചെയ്തു. തുടർന്ന് 07.07.2021-ന് ചേർന്ന യോഗതീരുമാനങ്ങളുടെ ആക്ഷൻ റിപ്പോർട്ട് വായിച്ച് ചർച്ച ചെയ്യുകയുണ്ടായി.

- ❖ സ്പെഷ്യൽ ഇൻഡന്റ് വഴി അപേക്ഷ സമർപ്പിച്ച മരുന്ന് ലഭ്യമാക്കുന്നതിന്റെ വിവരങ്ങൾ ആശുപത്രികളിലും ഡിസ്പെൻസറികളിലും പ്രത്യേക രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ഡയറക്ടർ ഓർമ്മിപ്പിക്കുകയും ഇതുവരെ നടപ്പിലാക്കാത്ത സ്ഥാപനങ്ങളിൽ കൂടി അത് ആരംഭിക്കുകയും ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അത് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണെന്ന് ഓർമ്മിപ്പിച്ചു.
- ❖ കോവിഡിന്റെ പശ്ചാത്തലത്തിൽ തടസ്സപ്പെട്ടിരുന്ന ഓഡിറ്റ് നടപടികൾ വേഗത്തിലാക്കുകയും പരമാവധി എല്ലാ സ്ഥാപനങ്ങളിലും ഓഡിറ്റ് ഉടൻ പൂർത്തിയാക്കുന്നതിനും നിർദ്ദേശിച്ചു.
- ❖ Project Implementation Plan 2021-2022 പ്രകാരമുള്ള പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് പ്രത്യേകം മീറ്റിംഗ് നടത്തി അവലോകനം ചെയ്യുന്നതിന് നിർദ്ദേശിച്ചു.
- ❖ ശോചനീയാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന ഇ.എസ്.ഐ ഡിസ്പെൻസറികൾ കൂടുതൽ മെച്ചപ്പെട്ട കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള തീരുമാന പ്രകാരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ലഭിച്ചിട്ടുള്ള അപേക്ഷകൾ എല്ലാ പരിശോധിക്കുകയും നടപടി സ്വീകരിച്ചു വരികയും ചെയ്യുന്ന എന്ന് അറിയിച്ചു.
- ❖ കോവിഡ് ട്രീറ്റ്മെന്റ് സെന്ററുകളായി പ്രവർത്തിച്ചിരുന്ന ആശുപത്രികളിൽ ആ സേവനം അവസാനിച്ചിട്ടുള്ളതായി ഡയറക്ടർ അറിയിച്ചു.
- ❖ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും സംബന്ധിച്ച് അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പ്രകാരം തുടർ ചർച്ചയിൽ പരിഗണിക്കാമെന്ന് അറിയിച്ചു.

- മരുന്നുകളുടെ payment പൂർണ്ണമാക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭിക്കുകയും മരുന്നു വിതരണം വേഗത്തിലാക്കുകയും ചെയ്തിട്ടുണ്ടെന്ന് ഡയറക്ടർ അറിയിച്ചു.

<u>**യോഗതീരുമാനങ്ങൾ**</u>

(1) സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ട അവലോകന റിപ്പോർട്ടുകൾ മലയാളഭാഷ, SC/ST റിപ്പോർട്ട്, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിം സംബന്ധിച്ച റിപ്പോർട്ടുകൾ തുടങ്ങിയവ കൃത്യസമയത്ത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർതലത്തിൽ ലഭ്യമാക്കി ക്രോഡീകരിച്ച് അതിന്റെ സംക്ഷിപ്ത റിപ്പോർട്ടാണ് ലഭ്യമാക്കേണ്ടത് എന്ന് ഡയറക്ടർ ഓർമ്മിപ്പിച്ചു. ഇതിൽ വീഴ്ച വരാതെ റിപ്പോർട്ടുകൾ സമർപ്പിക്കാൻ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണെന്ന് ഡയറക്ടർ ഓർമ്മപ്പെടുത്തി.

(2) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന ആശുപത്രികളും ഡിസ്പെൻസറികളും കൃത്യമായി സന്ദർശനം നടത്തുകയും സന്ദർശന റിപ്പോർട്ട് അയച്ചു തരികയും ചെയ്യേണ്ടതാണ്.

(3) ചില സ്ഥാപനങ്ങളിൽ അത്യാവശ്യമായി സൂക്ഷിച്ചിരിക്കേണ്ട പല രജിസ്റ്ററുകളും ഇല്ലാത്ത അവസ്ഥയും അവ update ചെയ്യാതിരിക്കുന്നതും യോഗത്തിൽ ചർച്ച ചെയ്തു. എല്ലാ രജിസ്റ്ററുകളും update ചെയ്ത് സൂക്ഷിക്കുന്നതാണെന്ന് ഉറപ്പു വരുത്താൻ ഡയറക്ടർ നിർദ്ദേശിച്ചു.

(4) ധന്വന്തരി മൊഡ്യൂൾ പ്രാവർത്തികമാക്കുന്നതിലെ പുരോഗതി ചർച്ച ചെയ്തു. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിശോധിച്ച് പരിഹരിക്കേണ്ടതും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമാണെന്ന് യോഗം വിലയിരുത്തി.

(5) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ തീർപ്പാക്കുന്നതിലെ കാലതാമസം പരമാവധി ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് ഡയറക്ടർ അറിയിച്ചു. ക്ലെയിമുകൾ പാസ്സാക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ യോഗത്തിൽ പങ്കെടുത്തവർ വിശദീകരിച്ചു. ചില എംപാനൽമെന്റ് ആശുപത്രികളിൽ നിന്നും ലഭിക്കുന്ന ക്ലെയിമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ലാബ് റിപ്പോർട്ടുകളിൽ സി.ജി.എച്ച്.എസ് കോഡ് ഉൾപ്പെടുത്താതെയിരിക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് യോഗത്തിൽ ആശുപത്രി സൂപ്രണ്ടുമാർ അറിയിച്ചു. എംപാനൽഡ് ആശുപത്രികളും ആയുള്ള മീറ്റിംഗുകൾ എല്ലാ ആശുപത്രി സൂപ്രണ്ടുമാരും നടത്തുകയും റിപ്പോർട്ടുകൾ നൽകണമെന്നും സൂചിപ്പിക്കുകയുണ്ടായി. നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി തുക അനുവദിക്കേണ്ടതാണെന്ന് ഡയറക്ടർ നിർദ്ദേശിച്ചു.

(6) ആശുപത്രികളിലെ ഓപ്പറേഷൻ തിയറ്ററുകൾ പ്രവർത്തനക്ഷമമാണെന്ന് സൂപ്രണ്ടുമാർ ഉറപ്പുവരുത്തേണ്ടതിന്റെ പ്രാധാന്യം യോഗം വിലയിരുത്തി. പാലക്കാട് ആശുപത്രിയിലെ ഒഫ്താൽമോളജി വിഭാഗത്തിന്റെ പ്രവർത്തന പുരോഗതിക്കായി ട്രെയിനിംഗ് സൗകര്യം ആവശ്യമായതിനാൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ സഹായത്തോടെ ലഭ്യമാക്കാനുള്ള സാധ്യത പരിശോധിക്കാൻ തീരുമാനിച്ചു. ഓപ്പറേഷനുകൾ ഫലപ്രദമായി നടത്തുന്നതിന് സമഗ്രമായ ഐ.സി.യു ആവശ്യമാണെന്നും പുതിയ ഐ.സി.യുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും യോഗത്തിൽ അറിയിച്ചു. ഐ.സി.യുകളുടെ മുഴുവൻ സമയപ്രവർത്തനത്തിന് മതിയായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നതായി ഡയറക്ടർ അറിയിച്ചു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ ഇതിനോടനുബന്ധിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ് എന്നും വർക്ക് കംപ്ലീഷൻ റിപ്പോർട്ട് ഉൾപ്പെടെയുള്ളവ പ്രതീക്ഷിക്കുന്നതായി അറിയിച്ചു. ഇതിന് പുറമെ ജീവനക്കാരുടെ സേവനം കൂടുതൽ ശക്തിപ്പെടുത്തുന്നതോടൊപ്പം Students Doctor's ന്റെ സേവനം കൂടി ലഭ്യമാക്കാനുള്ള സാധ്യത പരിഗണിക്കണമെന്ന് യോഗം തീരുമാനിച്ചു.

(7) എംപാനൽമെന്റ് ആശുപത്രികളിലേക്ക് നൽകുന്ന റഫറൻസുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനും ഐ.പി സ്ട്രെങ്ത് കൂട്ടുന്നതിനും ശ്രദ്ധ ചെലുത്തണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു.

(8) പുതുതായി ആരംഭിക്കുന്ന ഐ.സി.യു യൂണിറ്റുകൾ ഉടൻ പ്രവർത്തനക്ഷമമാക്കാൻ അവശ്യ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു.

(9) പുതുതായി ആരംഭിക്കുന്ന ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തന നിർവ്വഹണത്തിന് മതിയായ പരിശീലനം ലഭിച്ച ജീവനക്കാരും അതോടൊപ്പം ഡയാലിസിസ് ടെക്നീഷ്യന്മാരുടെ തസ്തികകളും ഉറപ്പാക്കണമെന്ന് തീരുമാനിച്ചു. ഗൈനക്കോളജി ഉൾപ്പെടെയുള്ള എല്ലാ സ്പെഷ്യാലിറ്റി ചികിത്സകളും കാര്യക്ഷമമാക്കുന്നതിന് നടപടി ആവശ്യമാണെന്ന് യോഗം വിലയിരുത്തി.

(10) Anticancer മരുന്നുകൾ, Growth Hormones തുടങ്ങിയ വിലകൂടിയ മരുന്നുകളാണ് സ്പെഷ്യൽ ഇൻഡന്റ് വഴി ഡയറക്ടറേറ്റിൽ നിന്ന് വാങ്ങി നൽകി വരുന്നത്. എന്നാൽ വിലക്കുറവുള്ളതും ആന്വൽ പർച്ചേയ്സ്, ലോക്കൽ പർച്ചേയ്സ് എന്നിവ പ്രകാരം വാങ്ങാവുന്ന മരുന്നുകളും സ്പെഷ്യൽ ഇൻഡന്റ് വഴി ലഭ്യമാക്കാൻ അപേക്ഷ സമർപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണെന്ന് ഡയറക്ടർ അറിയിച്ചു. സ്പെഷ്യൽ ഇൻഡന്റ് അപേക്ഷകൾ സമർപ്പിക്കുമ്പോൾ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രൊഫോർമ സമർപ്പിക്കേണ്ടതാണെന്നും ഡയറക്ടർ ഓർമ്മിപ്പിച്ചു.

(.....4)

(11) ഓഡിറ്റ് നടപടികൾ ത്വരിതപ്പെടുത്താനുള്ള നടപടികൾ എല്ലാ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണെന്ന് യോഗത്തിൽ അറിയിച്ചു.

(12) പൊതുസ്ഥലംമാറ്റം, ഗ്രേഡ് പ്രൊമോഷൻ പൂർത്തിയാക്കൽ ഇവയ്ക്കായി ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷകൾ പ്രത്യേകം കവറിംഗ് ലെറ്റർ ഉൾപ്പെടുത്തി വ്യക്തമായ ശിപാർശയോട് മാത്രമേ അയച്ചു തരാവൂ എന്നും കൂടുതൽ അപേക്ഷകൾ ഒരുമിച്ച് ചേർന്ന് ഒരു കവറിംഗ് ലെറ്റർ വഴി സമർപ്പിക്കുന്നത് സ്വീകാര്യമല്ലായെന്ന് ഡയറക്ടർ അറിയിച്ചു.

<u>ആശുപത്രി സൂപ്രണ്ടുമാരിൽ നിന്നുള്ള റിപ്പോർട്ട്</u>

എ) തോട്ടട:- ഫാർമസിസ്റ്റ് , ലാബ് ടെക്നീഷ്യൻ, റേഡിയോഗ്രാഫർ തസ്തികയിലെ ഒഴിവ് കാരണം ഔട്ട്ലെറ്റിന്റെ പ്രവർത്തനം തടസപ്പെടുന്നതായി അറിയിച്ചു.

ബി) വടവാതൂർ:- കുക്കിന്റെ തസ്തിക ഒഴിവുള്ള തസ്തിക എത്രയും വേഗം നികത്തേണ്ടതാണ്. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകളായി 4 ലക്ഷത്തോളം രൂപ പെൻഡിംഗ് ഉണ്ട്.

സി) മുളങ്കുന്നത്തുകാവ്:- ലാബ് ടെക്നീഷ്യന്റെ ഒരു പോസ്റ്റ് റീ-ഡിപ്ലോയ് ചെയ്ത് നഷ്ടപ്പെട്ടതിനാൽ പ്രവർത്തന തടസ്സം നേരിടുന്നു.

ഇ) പാലക്കാട്:- കുക്ക്, ക്ലാർക്ക്, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 എന്നീ തസ്തികകളിൽ നിലവിൽ ഒഴിവുള്ളത് നികത്താൻ നടപടി സ്വീകരിക്കണം.

<u>ധന്വന്തരി</u>

ധന്വന്തരി മോഡ്യൂൾ ഫലപ്രദമാക്കുന്നതിന് കൂടുതൽ നടപടികൾ ആവശ്യമാണ് എന്ന് നോഡൽ ഓഫീസർ ഡോ.രാധാകൃഷ്ണൻ അറിയിച്ചു. പന്ത്രണ്ടോളം ഡിസ്പെൻസറികളിൽ സർവർ തകരാർ കാരണമുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നതായും ഇത് ഇ.എസ്.ഐ റീജിയണൽ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ